# കേരളത്തിലെ ഫ്രാഞ്ചൈസി ശൃംഖല അതിവേഗം വിപുലമാക്കാനൊരുങ്ങി യൂറോകിഡ്സ്

കൊച്ചി, നവംബർ 17, 2022: ഇന്ത്യയിലെ ഏറ്റവും വലിയ പ്രീസ്കൂൾ ശൃംഖലയായ യൂറോകിഡ്സ് കേരളത്തിൽ 2025 ഓടെ 100 ഫ്രാഞ്ചൈസി ശൃംഖലയായി വളരുന്നതിനുള്ള വിപുലീകരണ പദ്ധതികൾ പ്രഖ്യാപിച്ചു. വിദ്യാഭ്യാസ സംരംഭകരുടെ ഭാവി മെച്ചപ്പെടുത്താനും കേരളത്തിലെ ലക്ഷക്കണക്കിനു കുട്ടികൾക്ക് ഉന്നത ഗുണമേൻമയുള്ള പ്രാരംഭ വിദ്യാഭ്യാസം നൽകാനും ഉദ്ദേശിച്ചാണ് ഈ നടപടി. 21 വർഷത്തിലേറെ അനുഭവ സമ്പത്തുള്ള യൂറോകിഡ്സ് 2025 ഓടെ രാജ്യത്തെ തങ്ങളുടെ പ്രീസ്കൂളുകൾ 1200-ൽ പരം എന്നതിൽ നിന്ന് 3000 ത്തിനുമുകളിലായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. മഹാമാരിക്കു ശേഷം കുട്ടികൾ ക്ലാസ് മുറികളിലേക്കു മടങ്ങിയതോടെ യൂറോകിഡ്സ് പ്രീസ്കൂളുകളിൽ എല്ലാ തലങ്ങളിലും ചേരുന്നവരുടെ എണ്ണം ഗണ്യമായി വർധിച്ചിട്ടുണ്ട്.

കേരളത്തിലെ നാലു വയസു വരെയുള്ള ലക്ഷക്കണക്കിനു കുട്ടികളെ മികച്ച രീതിയിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യവുമായി മുന്നേറുന്ന യൂറോകിഡ്സ് ഫ്രാഞ്ചൈസി അവസരങ്ങളിലൂടെ കേരളത്തിൽ കൂടുതൽ മേഖലകളിലേക്കു വികസിക്കാനാണ് പദ്ധതിയിടുന്നത്. വനിതാ ഫ്രാഞ്ചൈസികളെ വിപുലമായി പിന്തുണക്കുന്ന യൂറോകിഡ്സ് 2025-ഓടെ ഗണ്യമായ വളർച്ച നേടാനാണ് ഉദ്ദേശിക്കുന്നത്. ലീഡ് മാനേജുമെന്റ് പിന്തുണ, സമ്പൂർണമായ ഓൺബോർഡിങ്, മാർക്കറ്റിങ് പിന്തുണ, ഗവേഷണ അധിഷ്ഠിത പാഠ്യപദ്ധതി, അധ്യയന സഹായികൾ, അധ്യാപന പരിശീലനം, ശേഷി വികസനം തുടങ്ങിയ വിവിധ മേഖലകളിൽ ഫ്രാഞ്ചൈസി പങ്കാളികൾക്ക് വിവിധ നേട്ടങ്ങൾ നൽകുന്ന യൂറോകിഡ്സ് സംരംഭകർക്ക് ഏറെ താൽപര്യമുള്ള പങ്കാളി കൂടിയാണ്. തങ്ങളുടെ നിക്ഷേപ ശേഷികൾക്ക് അനുസൃതമായി ഓരോ പട്ടണത്തിലും ആസൂത്രണം ചെയ്ത പ്രീസ്കൂൾ വലുപ്പം, ലോക്കേഷൻ എന്നിവ നിശ്ചയിക്കുവാനുള്ള വിവിധ പദ്ധതികളും യൂറോകിഡ്സ് ഫ്രാഞ്ചൈസി പങ്കാളികൾക്കു നൽകുന്നുണ്ട്.

പാഠ്യപദ്ധതി പരിശോധിക്കുമ്പോൾ യൂറോകിഡ്സിന്റെ യൂനോയ എന്ന ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ പാഠ്യപദ്ധതി കുട്ടികളുടെ മനസ്സ്, ശരീരം, ചിന്താശക്തി എന്നിവയെ മെച്ചപ്പെടുത്താനും സന്തുലിതമായ മനുഷ്യരായി വളർത്തുവാനും സഹായിക്കുന്നു. ഈ പാഠ്യപദ്ധതി ചൈൽഡ് ഫസ്ററ്, ജോയ് ഓഫ് ലേണിങ് എന്നിവയിൽ നിന്നു വികസിപ്പിച്ചെടുത്തതാണ്. യൂറോഫിറ്റ്, യോഗകിഡ്സ്, യൂറോമ്യൂസിക്, മൈന്റ്ഫുൾ പ്ലസ്, സയന്റിഫിക് സ്പാർക്ക്, മാത്ത്ലാബ്, യൂഫോണിക്സ് തുടങ്ങിയ പദ്ധതികളിലൂടെ പ്രകടനങ്ങളുടെ അടിസ്ഥാനത്തിലുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാൻ സഹായിക്കുന്ന പഠന രീതിക്ക് അനുസരിച്ചു രൂപകൽപന ചെയ്തതാണ്. സ്പെയ്സ്ഡ് ലേണിങ് വഴി ഓർത്തിരിക്കാനുള്ള കുട്ടികളുടെ കഴിവു വർധിപ്പിക്കുകയും വിവിധങ്ങളായ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ സഹായിക്കുന്നതുമാണ് യൂനോയ നേടിയെടുത്ത അറിവുകൾ പ്രയോഗിക്കുന്ന വിധത്തിൽ മറ്റു കുട്ടികളുമായും അധ്യാപകരുമായും ഇടപെടാനും ഇതു സഹായിക്കും.

യൂറോകിഡ്സ് ഫ്രാഞ്ചൈസികളാകാനുള്ളവർക്ക് യൂറോകിഡ്സ് ആമ്പിയൻസ് മാനുവലും നൽകുന്നുണ്ട്. ഓരോ കേന്ദ്രത്തിന്റേയും സൗന്ദര്യപരമായ സവിശേഷതകൾ, നിലവാരത്തിന്റെ മാനദണ്ഡങ്ങൾ, ഏകീകൃത രൂപകൽപന തുടങ്ങി ഓരോ യൂറോകിഡ്സ് പ്രീസ്കൂളും അത്യാവശ്യമായി പിന്തുടരേണ്ട കാര്യങ്ങളിൽ ഇതിലുണ്ടാകും. ആമ്പിയൻസ് മാനുവൽ പ്രകാരമാണ് ഓരോ പ്രീസ്കൂൾ സെന്ററിന്റേയും ഇന്റീരിയറുകൾ തയ്യാറാക്കുന്നത്. ഇൻ-സ്കൂൾ ഉപകരണങ്ങൾ, പാഠ്യപദ്ധതി, വെൽകം, റെഡിനെസ്, തീം കിറ്റുകൾ, പ്രതിദിന ടീച്ചിങ് പ്ലാനുകൾ, പാഠ്യപദ്ധതിയുടെ സിഡികൾ, കളിപ്പാട്ടങ്ങൾ, പുസ്തകങ്ങൾ, പ്രീസ്കൂൾ തുടങ്ങുന്ന വേളയിൽ അത്യാവശ്യമായ മറ്റു സാമഗ്രികൾ തുടങ്ങിയവ യുറോകിഡ്സ് ലഭ്യമാക്കും.

കേരളത്തിലെ ലക്ഷക്കണക്കിലുള്ള ചെറിയ കുട്ടികൾക്കു വിദ്യാഭ്യാസം നൽകാനായി 2025-ഓടെ ഫ്രാഞ്ചൈസികളുടെ എണ്ണം 100 ആയി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് ലൈറ്റ്ഹൗസ് ലേണിങ് പ്രീ-കെ ഡിവിഷൻ സിഇഒ കെ വി എസ് ശേഷസായി പറഞ്ഞു. എല്ലാവർക്കും ചെറുപ്രായത്തിൽ ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം നൽകുക എന്ന സർക്കാർ നയത്തിനു പിന്തുണ നൽകും വിധം നിലവിലെ 1200-ൽ ഏറെയുള്ള പ്രീസ്കൂൾ ശൃംഖല 2025-ഓടെ 3000ത്തിലേറയായി ഉയർത്താനാണ് തങ്ങൾ ലക്ഷ്യമിടുന്നത്. തങ്ങളുടെ സമ്പൂർണ ഫ്രാഞ്ചൈസി പിന്തുണ നൽകുന്നതിനും ഓരോ കേന്ദ്രവും മികച്ച രീതിയിൽ ശരിയായ പരിശീലനവും പാഠ്യപദ്ധതിയെ കുറിച്ച് അറിവും നൽകുന്ന രീതിയിൽ മുന്നോട്ടു പോകുന്നു എന്ന് ഉറപ്പാക്കാനായി തങ്ങളുടെ എഡ്ജ്360 ഫ്രാഞ്ചൈസി സപ്പോർട്ട് പ്രോഗ്രാമിലൂടെ ഓരോ ഫ്രാഞ്ചൈസി പങ്കാളിയുമായും തങ്ങൾ അടുത്ത് പ്രവർത്തിക്കുമെന്നും അവരുടെ കേന്ദ്രത്തെ വിജയത്തിലേക്ക് എത്തിക്കാനുള്ള മാർക്കറ്റിങ് പിന്തുണ ലഭ്യമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യൂറോകിഡ്സിന്റെ രാജ്യത്തുള്ള ഏതെങ്കിലും പ്രീസ്കൂളുകളിൽ എൻറോൾ ചെയ്തിട്ടുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ഹോംബഡ്ഡി ആപ്പിന്റെ സൗകര്യങ്ങളും യൂനോയ പാഠ്യപദ്ധതിയുടെ ഏഴാമതു പതിപ്പും പ്രയോജനപ്പെടുത്താനാവും. തങ്ങളുടെ കുട്ടികളുടെ  പ്രായത്തിന് അനുസൃതമായ പ്രവർത്തനങ്ങളിൽ മുഴുകാനാവുന്ന വിധത്തിൽ അൺഇന്ററപ്റ്റഡ്ലേണിങും ഇവർക്കു പ്രയോജനപ്പെടുത്താനാവും. ഏഷ്യയിലെ ഏറ്റവും മികച്ച പ്രീസ്കൂൾ വിദ്യാഭ്യാസം, വർഷത്തെ ഏറ്റവും മികച്ച ഫ്രാഞ്ചൈസർ, ഇന്ത്യയിലെ ഏറ്റവും ഉന്നത നിലയിലുള്ള 100 ഫ്രാഞ്ചൈസ് അവസരങ്ങൾ, വർഷത്തിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ ബ്രാൻഡ്, ചെറുപ്രായത്തിലെ കുട്ടികളുടെ വികസനത്തിനുള്ള പുതുമയേറിയ പാഠ്യപദ്ധതി തുടങ്ങിയ നിരവധി പുരസ്ക്കാരങ്ങൾ കരസ്ഥമാക്കിയിട്ടുള്ള യൂറോകിഡ്സ് ഇന്ത്യയിലെ ഏറ്റവും വിശ്വസനീയമായ 100 ബ്രാൻഡുകളിൽ ഒന്നുമാണ്. മറ്റു പ്രീസ്കൂൾ സേവന ദാതാക്കളെ അപേക്ഷിച്ച് മൽസരാധിഷ്ഠിത മുൻതൂക്കവും യുറോകിഡ്സിനുണ്ട്.

**About EuroKids Pre-School:**

EuroKids, India's leading Early Childhood Education Expert with 21+ years of e and 3 countries with over 1200+ preschools in 350+ cities is a family of five Lac+ students. The 'Child First' ideology at EuroKids ensures that a child's growth and engagement needs are met in a home-like environment. Child safety focus and ensuring active engagement with parents during these crucial developmental years of the child is what makes EuroKids, a child's second home. EuroKids International Pre-school through the 'Right Start, Flying Start' campaign showcases a few ways a child should learn concepts of language, numbers, colours, etc., during the crucial foundational years of learning. EuroKids International Pre-school as a brand recognises the learner in every child and provides the right start to the child ensuring future success. The institution strongly believes in #UninterruptedLearning being the key to unlocking a child's potential. Powered by an innovative curriculum for mindful learning known as EUNOIA for a child's holistic development of Mind, Body, and Soul. It offers early education for the age group 1.8 years onwards and franchise opportunities to support entrepreneurs in the education sector.

Recently, Lighthouse Learning Group, (formerly known as EuroKids International), a leading early childhood & K-12 education organization, has signed a MoU with the Maharashtra Government - Women and Child Development (WCD) Department to implement the Project Adarsh Anganwadi. This project would commence from Mumbai city and will be extended further to other major parts of Maharashtra. Lighthouse Learning will also help to ensure that each Anganwadi has hygienic and safe surroundings for children to play and learn.

For further information, please contact:

Vasudha Rao: Adfactors PR: vasudha.rao@adfactorspr.com 9820347118

Mehak Khera: Adfactors PR: mehak.khera@adfactorspr.com 9582884982